**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനം വന്യജീവി വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുകയാണ് പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (എ) | അനുവദിച്ച തുക അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | 01.01.2022 മുതൽ 31.12.2023 വരെ എത്ര വന്യമൃഗ ആക്രമണങ്ങളാണ് അങ്കമാലി മണ്ഡലത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 01.01.2022 മുതൽ 31.12.2023 വരെയുള്ള കാലയളവിൽ അങ്കമാലി മണ്ഡലത്തിൽ 207 വന്യമൃഗ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | വന്യമൃഗശല്യം അതിരൂക്ഷമായ സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അങ്കമാലി മണ്ഡലത്തിൽ ഉൾപ്പെട്ട വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി സോളാർ ഹാംഗിങ് ഫെൻസ് (60 കി.മീ. ദൂരത്തിൽ) നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br><br>അങ്കമാലി മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു |
| (ഡി) | അങ്കമാലി മണ്ഡലത്തിൽ വന്യമൃഗങ്ങൾ കാരണം കൃഷിനാശം സംഭവിച്ചവർക്കും വന്യജീവി ആക്രമണത്തിന് ഇരയായവർക്കും നഷ്ടപരിഹാരയിനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നഷ്ടപരിഹാരയിനത്തിൽ മലയാറ്റൂർ ഡിവിഷനിൽ 92 അപേക്ഷകളിലായി 9,64,410/- രൂപ കുടിശ്ശിക നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | Construction of 5 stand solar fencing at 1976 TP Area through Mahagony thottam to HP Canal area in Evergreen Forest Station, Kalady Range (2.15 Km) | 5.20 | പൂർത്തീകരിച്ചു. |
| 2 | Maintenance and upgradation of Soalar Fencing to hanging Solar Fencing from Vijaya Quarry to Vijaya crusher under karakkad Forest Station, Kalady Range (1.70 Km) | 8.40 | പൂർത്തീകരിച്ചു. |
| 3 | Construction of 5 stand solar fencing from Potta to Ayyambuzha bridge under Kannimangalam Forest Station Kalady Range (3.50 Km) | 8.33 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | Construction of 5 stand solar fencing from Mulamkuzhy to Evergreen Forest Station Kalady Range (2.90Km) | 7.05 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |

# അനുബന്ധം -1

| | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക |
|---|---|---|
| പ്ലാൻ | 28,121.3 ലക്ഷം | 18,074.326 ലക്ഷം |
| നോൺ പ്ലാൻ | 57,361.770 ലക്ഷം | 52,889.96 ലക്ഷം |